**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2316 — 09.12.2014- ലെ മറുപടിക്ക്

**സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് ആദായനികുതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് ആദായനികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ആദായ നികുതി വകുപ്പ് സംസ്ഥാന ഗവൺമെന്റിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് ; | (എ) 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 133 ഉപവകുപ്പ് (6) പ്രകാരം സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ /ബാങ്കുകളിലെ നിക്ഷേപകരുടെ വിവരങ്ങൾ ആദായനികുതി വകുപ്പ് സഹകരണ സംഘങ്ങളോട് ആരാഞ്ഞിട്ടുള്ളതും ഈ പ്രക്രിയ സുഗമമാക്കുന്നതിന്, വിവരങ്ങൾ ലഭ്യമാക്കാൻ സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകണമെന്ന് സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതുമാണ്. |
| ബി) കേരളത്തിലെ സഹകരണ മേഖലയുടെ ശക്തി ക്ഷയിപ്പിക്കുവാനും തകർക്കുവാനുമുള്ള ഈ നീക്കത്തിനെതിരെ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് നിവേദനം നൽകിയത് ; | (ബി) ആദായ നികുതി വകുപ്പ് നിക്ഷേപകരുടെ പൊതുവായ വിവരങ്ങൾ ആരായുന്ന വിഷയം സംബന്ധിച്ച് ബഹു. കേരളാ മുഖ്യമന്ത്രിയും വകുപ്പ് മന്ത്രിയും പ്രധാനമന്ത്രിക്കും കേന്ദ്ര ധനകാര്യ, കൃഷി വകുപ്പ് മന്ത്രിമാർക്കും നിവേദനം നൽകിയിട്ടുണ്ട്. വകുപ്പ് മന്ത്രി 3/12/2013 നും ബഹു. മുഖ്യമന്ത്രി 27/6/2014, 21/10/2014 എന്നീ തീയതികളിലും ബഹു. കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിമാർക്ക് കത്തയച്ചിരുന്നു. |
| സി) നിവേദനത്തിൽ ഉന്നയിച്ച ആവശ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (സി) സഹകരണ സ്ഥാപനങ്ങളിൽ 5 ലക്ഷം രൂപയ്ക്കു മുകളിൽ സ്ഥിര നിക്ഷേപമുള്ളവരുടെയും 10,000 രൂപയ്ക്കു മുകളിൽ വാർഷിക പലിശ കൈപ്പറ്റുന്നവരുടെയും വിവരങ്ങളാണ് ഇൻകം ടാക്സ് വകുപ്പ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നത്. ആയത് യഥാക്രമം 10 ലക്ഷം രൂപയായും 30,000 രൂപയായും പരിധി വർദ്ധിപ്പിക്കണമെന്നാണ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നത്. |

ഡി) പ്രസ്തുത നിവേദനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് നൽകിയ മറുപടി എന്താണെന്ന് വ്യക്തമാക്കുമോ ; മറുപടി കത്തുകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

(ഡി) കേരളത്തിൽ നിന്നുള്ള നിരന്തരമായ അഭ്യർത്ഥനകളെ മാനിച്ചുകൊണ്ട് 2 ലക്ഷം രൂപയും മുകളിൽ നിക്ഷേപമുള്ളവരുടെ വിവരങ്ങൾ ശേഖരിക്കണമെന്ന ഇൻകംടാക്സ് വകുപ്പിന്റെ തീരുമാനം പുന:പരിശോധിക്കുകയും 2 ലക്ഷം രൂപ എന്ന പരിധി 5 ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ടെന്നും ഇനിയും നിക്ഷേപ പരിധി 10 ലക്ഷം രൂപയായും പലിശയുടെ പരിധി 30,000 രൂപയായും വർദ്ധിപ്പിക്കണമെന്ന ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ലെന്നും കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിമാർ ബഹു. മുഖ്യമന്ത്രിയെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത കത്തുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

2

F.No.282/41/2013-IT(Inv.V)

वित्त मंत्री
भारत
नई दिल्ली - 110001
FINANCE MINISTER
INDIA
NEW DELHI-110001

सत्यमेव जयते

March 6, 2014

**Dear Shri Oommen Chandy Ji,**

Kindly refer to your letter of 5th February, 2014 regarding recent initiatives of the Income Tax Department (ITD) to collect and collate information from Co-operative Banks and Credit Co-operative Societies using the provisions of section 133(6) of the IT Act, 1961.

2. I may inform you that following the above referred initiative of the ITD, a number of representations, particularly from Kerala, were received. On due examination of the issues raised in the representations, various steps have been taken to address the genuine concerns of the cooperative banks and societies. Such steps include raising the threshold of cash deposit from Rs. 2 Lakh to Rs. 5 Lakh (for which information was called) and granting additional time in deserving cases for furnishing requisite information to the ITD. Request to further increase the threshold to Rs. 10 Lakh and interest to Rs. 30,000 and additional time (one year) for furnishing information does not appear feasible considering the ground realities and overall objectives of the initiative.

3. As genuine concerns of the cooperative banks and societies have already been addressed, you would appreciate that further intervention in the matter does not appear to be justified.

With regards,

Yours sincerely,

(P. Chidambaram)

**Shri Oommen Chandy,**
Chief Minister,
Government of Kerala
Thiruvananthapuram.

Section officer

P.S (Co.op)

11/3/14

Secy (Coop)

D.O. No.282/41/2013-II(Inv.V)

अरूण जेटली
वित्त, कॉर्पोरेट कार्य
एवं रक्षा मंत्री
भारत

**Arun Jaitley**
Minister of Finance, Corporate Affairs and Defence
India

August 26, 2014

Min.(Co-operation) Please see

9632/VIP/CM/2014

OOMMEN CHANDY
Chief Minister
Kerala

**Dear Shri Oommen Chandy Ji,**

Kindly refer to your letter of 27th June, 2014 highlighting the problems being faced by Co-operative Banks and Credit Co-operative Societies because of enquiries being made by the Income Tax Department (ITD) under the provisions of section 133(6) of the IT Act, 1961 (the Act).

2. I have had the matter examined. I may inform you that following the above referred initiative of the Income Tax Department, a number of representations received particularly from Kerala, were duly considered and the limits of cash deposits for calling information were raised from Rs.2 Lakh to Rs.5 Lakh. Various other steps including granting additional time in deserving cases for furnishing requisite information have been taken to address the genuine concerns of the cooperative banks and societies. Outcome of the enquiries conducted so far suggests that majority of cash depositors / interest earners in the chosen segment are either not disclosing income at all or disclosing lesser amounts compared to the statutory liability.

3. In view of the above and considering the overall objectives of the initiative, it does not appear feasible to further increase the threshold to Rs.10 Lakh in case of cash deposits and Rs.30,000 in case of interest payment. It is also important to mention that the exemption from TDS provided in Section 194(A)(3) of the IT Act, 1961 does not absolve the account holders from taxability of income as per provisions of the Act.

4. As genuine concerns of the cooperative banks and societies have already been addressed, you would appreciate that further intervention in the matter does not appear to be called for.

With regards,

Yours sincerely,

(Arun Jaitley)

**Shri Oommen Chandy,**
Chief Minister of Kerala,
Thiruvananthapuram – 695 001.

Section officer